**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **04-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് ഗ്രാന്റുകൾ, ലോണുകൾ എന്നിവ ലഭ്യമാക്കി വരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.<br><br>**ഇന്നവേഷൻ ഗ്രാന്റ്**<br><br>മികച്ച ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി 'ഇന്നവേഷൻ ഗ്രാന്റ്' എന്ന പേരിൽ സാമ്പത്തിക സഹായം നൽകുന്നു. ആശയങ്ങളിൽ നിന്ന് ഉൽപ്പന്നമാതൃക തയ്യാറാക്കുന്നതിനായും അവയെ പൂർണ്ണരൂപത്തിലുള്ള വ്യവസായമാക്കി മാറ്റാനുമുള്ള തുകയാണ് ഇന്നവേഷൻ ഗ്രാന്റ്. വിവിധ ഘട്ടങ്ങളിലായി മൂന്ന് ലക്ഷം മുതൽ 15 ലക്ഷം രൂപവരെ ഗ്രാന്റ് അനുവദിക്കാറുണ്ട്.<br><br>**വനിതാ സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള സീഡ് ഫണ്ട്**<br><br>നൂതനവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ രൂപീകരണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പുകളുടെ വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വരുമാന വർദ്ധന എന്നിവ വഴി കേരള സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>**സീഡ് ഫണ്ട്**<br><br>നൂതനാശയങ്ങളെ സ്റ്റാർട്ടപ്പുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതിയാണിത്. വിദഗ്ദ്ധ സമിതിയ്ക്ക് മുമ്പാകെ ആശയാവതരണം നടത്തിയാണ് സീഡ് ഫണ്ടിനായി സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നത്.<br><br>**സ്റ്റാർട്ടപ്പ് റിസർച്ച് ഗ്രാന്റ് (R&D ഗ്രാന്റ്)** |

ഗവേഷണ വികസന സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്ക് 30 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് R&D ഗ്രാന്റ്.

**ഗ്രാമീണ ഇന്നവേറ്റർമാർക്കുള്ള സഹായം**

ഗ്രാമീണ മേഖലയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ധനസഹായ പദ്ധതിയാണിത്. ഗ്രാമങ്ങളിലെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനോ ഗ്രാമീണ ജീവിതം മെച്ചപ്പെടുത്തുന്നതിനോ സഹായിക്കുന്ന നൂതനാശയങ്ങളെ പൂർണ്ണ സംരംഭങ്ങളാക്കാനുള്ള പദ്ധതിയാണിത്.

**ഫണ്ട് ഓഫ് ഫണ്ട്സ്**

സെബി അംഗീകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന പദ്ധതി.

**ഫാബ് മിഷൻ**

പുത്തൻ സാങ്കേതികവിദ്യകൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനും സാങ്കേതിക സഹായം നൽകുന്ന പ്രോട്ടോടൈപ്പിംഗ് പ്ലാറ്റ്ഫോമാണ് ഫാബ്രിക്കേഷൻ ലബോറട്ടറി (ഫാബ് ലാബ്). കൊച്ചിയിലെ ഇന്നവേഷൻ സോണിൽ പ്രവർത്തിക്കുന്ന സൂപ്പർ ഫാബ് ലാബിന് പുറമേ 2 ഫാബ് ലാബുകളും കേരളത്തിലെ കോളേജുകൾ കേന്ദ്രീകരിച്ച് 23 മിനി ഫാബ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

**തൊഴിലിടവും അനുബന്ധ സൗകര്യങ്ങളും (ലീപ് സെന്ററുകൾ)**

സ്റ്റാർട്ടപ്പ് ഇൻകുബേഷൻ കേന്ദ്രങ്ങളെ ലീപ് (ലോഞ്ച്, എംപവർ, ആക്സിലറേറ്റ്, പ്രോസ്പർ) കോ-വർക്കിംഗ് സ്പേയ്സുകളെന്ന് പുനർനാമകരണം ചെയ്ത് സംസ്ഥാനത്തുടനീളം തുടങ്ങുന്ന പദ്ധതിയാണിത്. സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ ആഗ്രഹിക്കുന്ന ആർക്കും ലീപ് സെന്ററുകളിൽ രജിസ്റ്റർ ചെയ്യാം. മികച്ച രീതിയിൽ രൂപകൽപന ചെയ്ത തൊഴിലിടങ്ങൾ അതിവേഗ ഇന്റർനെറ്റ്, മീറ്റിംഗ് റൂമുകൾ തുടങ്ങി ആധുനിക സൗകര്യങ്ങൾ ലീപ്പിലുണ്ടാകും. പ്രൊഫഷണലുകൾക്ക് ദിവസ-മാസ വ്യവസ്ഥയിൽ ലീപ് കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കാം. വർക്ക് ഫ്രം ഹോം ചെയ്യുന്നവർക്കും യാത്ര ചെയ്യേണ്ടി

| | | | |
|---|---|---|---|
| | | | വരുന്ന പ്രൊഫഷണലുകൾക്കും ഈ സൗകര്യം ഗുണകരമാകും.<br><br>കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതി കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം 50 ലക്ഷം രൂപ വരെ ഈടില്ലാതെയും, 100 ലക്ഷം രൂപ വരെ ഈടോടു കൂടിയും നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് വായ്പ നൽകി വരുന്നു. കൂടാതെ കെ.എസ്.ഐ.ഡി.സി സംസ്ഥാനത്തിന്റെ കരുത്തുറ്റ സ്കെയിൽ അപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന്, സംസ്ഥാന സർക്കാരിനു വേണ്ടി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് സ്കെയിൽ അപ്പ് കോൺക്ലേവുകൾ വിജയകരമായി നടത്തി വരുന്നു. |
| (ബി) | സർക്കാർ സമീപനത്തിന്റെ ഭാഗമായി സ്റ്റാർട്ടപ്പ് മേഖലയിൽ വളർച്ച കൈവരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. ഇന്ത്യയിൽ തന്നെ സ്റ്റാർട്ടപ്പ് നയം നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. കരുത്തുറ്റ സ്റ്റാർട്ടപ്പ് അന്തരീക്ഷ വികസനത്തിന് പ്രാമുഖ്യം നൽകിയാണ് കേരളം സ്റ്റേറ്റ്സ് സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ 2022ലെ ബെസ്റ്റ് പെർഫോർമർ പുരസ്കാര നേട്ടത്തിലെത്തിയത്. ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം റിപ്പോർട്ടിന്റെ (ജിഎസ്ഇആർ) അഫോർഡബിൾ ടാലന്റ് റാങ്കിങ്ങിൽ കേരളം ഏഷ്യയിൽ ഒന്നാമതായി. 2016ൽ 300ൽ നിന്നും ഇപ്പോൾ 6,200 ആയി സ്റ്റാർട്ടപ്പുകളുടെ എണ്ണം ഉയർത്തി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 519 ലധികം ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളും (ഐഇഡിസി) പ്രവർത്തിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിന് പുറമെ എംഐടിയുടെ സെന്റർ ഫോർ ബിറ്റ്സ് ആൻഡ് ആറ്റംസ് സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ഉൾപ്പെടെ 22 മിനി ഫാബ് ലാബുകൾ പ്രവർത്തിക്കുന്ന രാജ്യത്തെ ഏറ്റവും ഊർജ്ജസ്വലമായ മേക്കർ കമ്മ്യൂണിറ്റികളിലൊന്നായി കേരളം അറിയപ്പെടുന്നു. കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് 150ഓളം സ്റ്റാർട്ടപ്പുകളിലേക്കായി 5,800 കോടിയിലധികം രൂപയുടെ നിക്ഷേപം കേരളത്തിലേയ്ക്കെത്തി. കൂടാതെ, 900ലധികം ആശയങ്ങൾക്ക് പ്രാരംഭഘട്ട ധനസഹായമായി 50 കോടി രൂപയും അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകളിൽ നിന്നും ഉൽപ്പന്നങ്ങളും സേവനങ്ങളും സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വാങ്ങുന്നതിനുള്ള പരിധി 20 ലക്ഷത്തിൽ നിന്ന് 50 ലക്ഷമായി ഉയർത്തിയതോടെ 151 സ്റ്റാർട്ടപ്പുകൾക്ക് 31.21 കോടിയുടെ പ്രക്യുർമെന്റ് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫണ്ടിംഗിന്റെയും നിക്ഷേപത്തിന്റെയും കാര്യത്തിലും കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ഗണ്യമായ വളർച്ച കൈവരിച്ചു.<br><br>കൊച്ചിയിൽ പ്രവർത്തിക്കുന്ന അത്യാധുനിക ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ മാത്രം 1.8 ലക്ഷം ചതുരശ്രയടി ഇൻക്യുബേഷൻ സ്പെയ്സ് പ്രദാനം ചെയ്യുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ ഇന്നൊവേഷൻ ഹബ്ബായി കേരളത്തെ മാറ്റുന്നതിൽ സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി സജ്ജീകരിച്ച ഈ പ്ലഗ് ആൻഡ് പ്ലേ സംവിധാനം പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിൽ ഉടനീളം പത്ത് ലക്ഷം ചതുരശ്രയടിയിലായി ലോകോത്തര നിലവാരത്തിൽ 10,000ലധികം കോ-വർക്കിംഗ് സീറ്റുകളാണ് സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്നത്. കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖലയെ ഉന്നതിയിലേക്ക് എത്തിക്കുക, പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങളും സേവനങ്ങളും വൻതോതിൽ ലഭ്യമാക്കുന്ന ആഗോള കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്നീ ലക്ഷ്യങ്ങളോടെ നടത്തുന്ന ഹഡിൽ ഗ്ലോബൽ ഉച്ചകോടി പോലുള്ള പരിപാടികൾ സ്റ്റാർട്ടപ്പുകൾക്ക് ഏറെ ഗുണകരമാണ്. കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് വിദേശവിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്രങ്ങൾ. അന്താരാഷ്ട്ര തലത്തിൽ സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ്, നിക്ഷേപ അവസരങ്ങൾ എന്നിവ നേടിക്കൊടുക്കുന്നതിന് നടത്തിവരുന്ന പദ്ധതിയാണ് ഇന്റർനാഷണൽ എക്സ്പോഷർ പ്രോഗ്രാം. ഇതോടൊപ്പം, വനിത, ഭിന്നശേഷി, മറ്റ് പാർശ്വവൽകൃത സമൂഹങ്ങളിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരളത്തെ നവസാങ്കേതിക വിദ്യാ ഹബ്ബാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ 5 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ തിരുവനന്തപുരം ടെക്നോസിറ്റിയിൽ ലോകോത്തര നിലവാരത്തിലുള്ള എമേർജിങ് ടെക്നോളജി ഹബ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ